# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6896** 13.07.2012 ൽ മറുപടിയ്ക്ക്

## ഇടുക്കി ജില്ലയിലെ സോയിൽ പൈപ്പിങ്ങും ഭൂചലനങ്ങളും

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

(എ) ജലസംഭരണികൾ ധാരാളമുള്ള ഇടുക്കി ജില്ലയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സോയിൽ പൈപ്പിങ്ങിനെയും ഭൂചലനങ്ങളെയും ഗൗരവമായി കാണണമെന്ന വിദഗ്ദ്ധ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ മൂലമുണ്ടാകുന്ന ഗുരുതരാവസ്ഥ യഥാസമയം ബന്ധപ്പെട്ട ഡാം സുരക്ഷാ ഏജൻസിയെയും കേന്ദ്ര സർക്കാരിനെയും കോടതിയേയും ബോധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ബഹു. ജല വിഭവ വകുപ്പു മന്ത്രി)

(എ) & (ബി) ഉണ്ട്. ഇടുക്കി ജില്ലയിൽ അടിക്കടി ഉണ്ടാകുന്ന ഭൂചലനങ്ങൾ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്ക ഉയർത്തുന്നുണ്ട്. കേരളത്തിന്റെ ആശങ്ക ബഹു. സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. ഈ ഭൂചലനങ്ങൾ തുടർന്നും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സൂക്ഷ്മനിരീക്ഷണത്തിനായി നൂതനമായ ആറ് ഭൂകമ്പമാപിനികൾ KSEB യുടെ മേൽനോട്ടത്തിൽ ഈ മേഖലയിൽ സ്ഥാപിക്കാൻ തീരുമാനമാകുകയും അതിനു വേണ്ട തുടർനടപടികൾ ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. സോയിൽ പൈപ്പിങ്ങ് എന്ന പ്രതിഭാസം കൊണ്ട് വലിയ ദുരന്തങ്ങളും നാശനഷ്ടങ്ങളും ഉണ്ടാകാതിരിക്കുവാനായി ഒരു പഠനം നടത്തേണ്ടത് അത്യാവശ്യമാണെന്ന് ഭൗമശാസ്ത്ര പഠന കേന്ദ്രം (സെസ്സ്) നിർണ്ണയിച്ചതിന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (എൻ.ഡി.എം.എ.) യുടെ ധനസഹായത്തോടെ സംസ്ഥാനത്ത് പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ